**പതിനാലാം കേരളനിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4455** 25/06/2019 ലെ മറുപടി

**പരീക്ഷാഭവൻ നടത്തുന്ന കെ.ജി.ടി.ഇ. പരീക്ഷ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.എം.ഷാജി : | പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പരീക്ഷാഭവൻ നടത്തുന്ന കെ.ജി.ടി.ഇ പരീക്ഷക്ക് ഒരു ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് നിരവധി കുട്ടികളെ പരീക്ഷയ്ക്ക് അയയ്ക്കുമ്പോൾ മൊത്തം കുട്ടികൾക്കും വേണ്ടി ഒറ്റ ചെല്ലാൻ അടയ്ക്കാനുള്ള സംവിധാനം ഏർപ്പെടുത്തുകയോ ഓൺലൈൻ വഴി അടയ്ക്കുന്നതിന് സംവിധാനം ഒരുക്കുകയോ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ മുഖേന കെ.ജി.റ്റി. പരീക്ഷാഫീസ് ഒടുക്കണമെന്ന് നിർദ്ദേശം നൽകിയിട്ടില്ല. ടി സ്ഥാപനങ്ങളുമായി പരീക്ഷാഭവന് ബന്ധമില്ല. അതാത് പരീക്ഷാർത്ഥി നേരിട്ട് പരീക്ഷാഫീസ് അടയ്ക്കുന്ന പക്ഷം, ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നും അപേക്ഷ സമർപ്പിക്കുന്ന സമയത്ത് ഉണ്ടാകുന്ന തെറ്റുകൾ (അപേക്ഷകരുടെ പേര് ഉൾപ്പെടെ) പരമാവധി കുറയ്ക്കാൻ കഴിയും, അതുവഴി അപേക്ഷകർക്ക് പിന്നീട് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാകുകയും ചെയ്യും.<br>ഓൺലൈനായി അപേക്ഷാഫീസ അടക്കുന്നതു സംബന്ധിച്ച് നിലവിൽ തീരുമാനങ്ങളൊന്നും ആയിട്ടില്ല. |
| (ബി) ഓൺലൈൻ അപേക്ഷ സമർപ്പിച്ച ശേഷം എന്തെങ്കിലും തെറ്റ്കണ്ടെത്തിയാൽ പഴയ അപേക്ഷ റദ്ദുചെയ്യുന്നതിനും തെറ്റ്തിരുത്തി വീണ്ടും അപേക്ഷ സമർപ്പിക്കുന്നതിനുമുള്ള സംവിധാനം ഒരുക്കുമോ; വ്യക്തമാക്കുമോ; | (ബി) വിജ്ഞാപനം പുറപ്പെടുവിച്ച ശേഷം അപേക്ഷ സമർപ്പിക്കുന്നതിന് ചുരുങ്ങിയ കാലയളവ് മാത്രമേ ലഭ്യമാകൂ. അപേക്ഷ സമർപ്പിക്കുന്ന സമയത്തു തന്നെ കൺഫർമേഷനു മുമ്പ് തിരുത്തൽ വരുത്താൻ അവസരം നൽകിയിട്ടുണ്ട്. |
| (സി) ഓരോ വർഷവും കൃത്യമായി രണ്ടു പ്രാവശ്യം പരീക്ഷ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) നിലവിൽ ഓരോ വർഷവും രണ്ടു പ്രാവശ്യം കെ.ജി.റ്റി. പരീക്ഷ നടത്തി വരുന്നു. 2018 ൽ പ്രളയം കാരണം ഒരു പ്രാവശ്യമേ പരീക്ഷ നടത്താൻ കഴിഞ്ഞുള്ളൂ. |
| (ഡി) സ്കൂളുകളിലെ താഴത്തെ നിലയിൽ വച്ചു മാത്രമേ കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിംഗ് പരീക്ഷ നടത്താവൂ എന്ന നിർദ്ദേശം കർശനമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) സ്കൂളുകളിലെ താഴത്തെ നിലയിൽ വച്ചു മാത്രമേ കെ.ജി.റ്റി ടൈപ്പ്റൈറ്റിംഗ് പരീക്ഷ നടത്താവൂ എന്ന് വിജ്ഞാപനത്തിൽ തന്നെ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ